ഫെബ്രുവരി 11, 2014

# തെലങ്കാന വിഷയത്തിൽ യുപിഎയുടെ യഥാർത്ഥ ഉദ്ദേശ്യം എന്താണ്?

അരുൺ ജെയ്റ്റ്ലി, പ്രതിപക്ഷ നേതാവ് (രാജ്യസഭ)

ഒരു ദശകമായി തെലങ്കാന വിഷയത്തിൽ കോൺഗ്രസിന് ചാഞ്ചാട്ടമാണ്. 2004 മുതൽ അവർ തെലങ്കാന രൂപീകരണം വാഗ്ദാനം ചെയ്തു. 2009 ഡിസംബർ വരെ കാക്കേണ്ടി വന്നു ചിദംബരത്തിന്റെ തെലങ്കാന രൂപീകരണത്തിന് തത്വത്തിൽ തീരുമാനിച്ചു എന്ന പ്രഖ്യാപനം വരാൻ. പിന്നീട് സർക്കാർ പിന്തിരിയുകയും ജസ്റ്റിസ് ശ്രീകൃഷ്ണ കമ്മറ്റിയെ ഇതുസംബന്ധിച്ച പഠനത്തിന് നിയോഗിക്കകയും ചെയ്തു. കമ്മറ്റി എങ്ങും എത്തിയില്ല. 2013 ൽ വീണ്ടും യുപിഎ തത്വത്തിൽ തെലങ്കാന രൂപീകരണത്തിന് തീരുമാനിച്ചു. പിന്നീട് മന്ത്രി സഭ അതംഗീകരിച്ചു. പാർലമെന്റിന്റെ നടപ്പു സമ്മേളനത്തിൽ സർക്കാരിന്റെ തീരുമാനത്തിനനുകൂലമായ ഒരു നടപടി എടുക്കാൻ പറ്റിയ സ്ഥിതിയിലല്ല. തെലങ്കാന രൂപീകരണത്തിനൊപ്പമാണ് പാർട്ടിയെന്ന കാര്യം ബിജെപി വ്യക്തമാക്കിയിട്ടുണ്ട്. അതേസമയം സീമാന്ധ്ര പ്രദേശത്തെ ജനങ്ങളുടെ ആശങ്കകളും കണക്കിലെടുക്കണമെന്ന് പാർട്ടി ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഇതു രണ്ടും വിഷമം പിടിച്ചതോ അസാധ്യമോ അല്ല. പക്ഷേ നിർഭാഗ്യകരമെന്നു പറയാം, ഈ രണ്ടുകാര്യത്തിലും യുപിഎ ഫലപ്രദമായ തീരുമാനമൊന്നും എടുത്തിട്ടില്ല. എൻഡിഎ സർക്കാർ ഝാർഖണ്ഡ്, ഛത്തീസ്ഗഢ്, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങൾ എങ്ങനെ സുഗമമായും സമാധാന പൂർവകമായും രൂപീകരിച്ചുവെന്നും യുപിഎ സർക്കാർ തെലങ്കാന രൂപീകരണക്കാര്യത്തിൽ കാണിക്കുന്ന അഴകൊഴമ്പൻ നയമെന്താണെന്നതും സംബന്ധിച്ച് ഞാൻ മുമ്പും എഴുതിയിട്ടുള്ളതാണ്. ഇനി ശേഷിക്കുന്നത് പാർലമെന്റിന്റെ എട്ടു സമ്മേളന ദിവസം മാത്രമാണ്. അതിൽ രണ്ടു ദിവസം സ്വകാര്യ ബില്ലുകളുടെ വെള്ളിയാഴ്ചകളാണ്. അതായത് നിയമനിർമാണത്തിനായി ആറു ദിവസം മാത്രം. ആന്ധ്രപ്രദേശ് (റീ ഓർഗനൈസേഷൻ)ബിൽ പാർലമെന്റിൽ അവതരിപ്പിച്ചിട്ടുപോലുമില്ല. അവസാന നിമിഷത്തിലും പാർലമെന്റിന്റെ ഏതു സഭയിൽ ബിൽ അവതരിപ്പിക്കുമെന്ന കാര്യത്തിൽ പോലും തീരുമാനമായിട്ടില്ല. യുപിഎ സർക്കാർ നിയമപരമായോ, ഭരണഘടനാപരമായോ തെലങ്കാന രൂപീകരണത്തിൽ ശരിയായ പാതയിലാണോ പോകുന്നതെന്ന കാര്യത്തിലും സംശയമുണ്ട്. അവർ ഈ വിഷയം നീട്ടിക്കൊണ്ടുപോകാനാണുദ്ദേശിക്കുനനതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. യുപിഎ സർക്കാരിന്റെ ഉദ്ദേശ്യം ഈ പാർലമെന്റ് സമ്മേളനത്തിലും യുപിഎ ഭരണത്തിലും തെലങ്കാനാ രൂപീകരണം നടപ്പിലാക്കാതിരിക്കലാണെന്ന് വേണ്ടേ കരുതാൻ.

പുതിയ സംസ്ഥാന രൂപീകരണം പോലുള്ള വിഷയങ്ങൾ ഏറെ വൈകാരികമായ വിഷയമാണ്. പ്രതീക്ഷ ഉയർത്തുകയും അത് നടപ്പിലാക്കാതിരിക്കുകയും ചെയ്യുന്ന രാഷ്ട്രീയ പാർട്ടികളുടെ നയം ശരിയല്ല. യുപിഎ സർക്കാർ അടിയന്തരമായ പാർലമെന്റിന്റെ ഇരുസഭകളിലും ആന്ധ്രപ്രദേശ് (റീ ഓർഗനൈസേഷൻ) ബിൽ അവതരിപ്പിക്കണം. ഇരുപ്രദേശങ്ങളുടേയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ സന്തുലനം പാലിച്ച് ബിൽ പാസ്സാക്കുമെന്ന് ഉറപ്പാക്കാൻ സർക്കാർ തയ്യാറാകണം. ബില്ലിനെ പിന്തുണക്കാൻ ഞാൻ കാത്തിരിക്കുകയാണ്.